# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3978 | 11.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മുളവുകാട് ഗ്രാമപഞ്ചായത്തിൽ അംഗൻവാടി** | |
| ചോദ്യം | മറുപടി |
| **ശ്രീ.എസ്.ശർമ്മ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) എം.എൽ.എ. ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് മുളവുകാട് ഗ്രാമപഞ്ചായത്തിലെ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറിൽ നിന്നുള്ള അനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും കത്ത് ലഭിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | എ) ലഭിച്ചിരുന്നു. |
| ബി) എങ്കിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് എന്നാണ് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടി-യെന്തെന്നും വ്യക്തമാക്കാമോ; | ബി) സാമൂഹ്യനീതി ഡയറക്ടർക്ക് ഇതു സംബന്ധിച്ച അറിയിപ്പ് 04.08.2017 ന് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ പ്രോഗ്രാം ആഫീസർക്ക് 14.08.2017 ന് നിർദ്ദേശം നൽകിയിരുന്നു. |
| സി) പ്രസ്തുത അനുമതി നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളു-ണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി)&(ഡി) അങ്കണവാടി കെട്ടിടനിർമ്മാണ-ത്തിനായി ലഭ്യമായ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടായിരുന്നു. ആയത് ലഭ്യമായിട്ടുള്ളതിനാൽ പ്രസ്തുത അങ്കണവാടി നിർമ്മിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന |
| ഡി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ? | |

| | |
|---|---|
| | അങ്കണവാടികൾ സ്മാർട്ട് അങ്കണവാടി കൺസെപ്റ്റ് ഉൾക്കൊണ്ടുകൊണ്ട് നിർമ്മിക്കുന്നതിനാണ് തത്ത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ